## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 667 — 10.03.2015-ൽ മറുപടിയ്ക്ക്

### പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ബെന്നി ബെഹനാൻ
ശ്രീ.എം.എ.വാഹീദ്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥകൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ പട്ടികവർഗ്ഗ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ദിവസവും സ്കൂളിൽ പോയി വരുന്നതിന് യാത്രാ സൗകര്യം ഒരുക്കുന്ന "ഗോത്ര സാരഥി" എന്ന പദ്ധതി നിലവിലുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | ബി) | പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്കു വീട്ടിൽ നിന്നും ദിവസവും പോയി വരാനാകുന്ന വിധം വാഹന സൗകര്യം ലഭ്യമാക്കി പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഓട്ടോറിക്ഷ, ജീപ്പ്, മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവ സങ്കേതങ്ങളിൽ വന്ന് കുട്ടികളെ സ്കൂളിൽകൊണ്ടു പോകുന്നതിനും തിരികെ സ്കൂളിൽ നിന്നും വിദ്യാർത്ഥികളെ വീട്ടിലെത്തിക്കുന്നതിനും സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് ഈ പദ്ധതി പ്രകാരം തുക അനുവദിയ്ക്കുന്നു. ഇതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | സി) | 2013-14-വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ബഡ്ജറ്റ് വിഹിതമനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് യഥാസമയം തുക അനുവദിച്ചിരുന്നു. 2014-15 സാമ്പത്തികവർഷം ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അർഹമായ സ്കൂളുകളുടെയും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും വിവരം ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് സംസ്ഥാനത്തൊട്ടാകെ 255 സ്കൂളുകളിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ